പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1027

30.01.2019 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഇടപെടൽ കൊണ്ട് സാധിക്കുന്നുണ്ടോ;വിശദമാക്കാമോ; | എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഇടപെടൽ കൊണ്ട് സാധിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്), എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാർ, 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി വരുന്നു. കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുന്നത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

ബി) തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in ൽ തൊഴിൽ നിയമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ, എൻഫോഴ്സ്മെന്റ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനം എന്നിവയും പരാതികൾ നൽകേണ്ട തൊഴിൽ വകുപ്പിന്റെ കോൾസെന്റർ, ആയതിന്റെ ടോൾഫ്രീ നമ്പർ എന്നിവയും ടി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോൾസെന്ററിനെ കുറിച്ചുള്ള പ്രചരണം മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വളരെ കൂടുതലായ സാഹചര്യത്തിൽ ജനസംഖ്യയുടെയും തൊഴിൽ സ്ഥാപനങ്ങളുടെയും എണ്ണത്തിന് ആനുപാതികമായി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

സി) തൊഴിൽ നിയമങ്ങൾ കൂടുതൽ ലംഘിക്കപ്പെടുന്ന പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പ് വരുത്തുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ;

സി) മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തി ഉറപ്പു വരുത്താറുണ്ട്. നിലവിലെ മിനിമം വേതനം ലഭ്യമാക്കാത്ത തോട്ടം ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. 2015 ജൂലൈ 1 മുതൽ നിലവിൽ വന്ന വേതന പരിഷ്കരണമാണ് ഇപ്പോൾ നിലവിലുള്ളത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി മീറ്റിംഗിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവിനായുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും തുടർ ചർച്ചകൾ നടന്നു വരികയുമാണ്. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം നൽകേണ്ടതായ താമസസൗകര്യം, ചികിൽസാ സൗകര്യം എന്നിവ തോട്ടം ഉടമകൾ തൊഴിലാളികൾക്ക് നൽകുന്നുണ്ടോ എന്ന് പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർ പരിശോധനാവേളകളിൽ പരിശോധിക്കുകയും അപാകതകൾ കാണുന്ന പക്ഷം തൊഴിലുടമകൾക്ക് നോട്ടീസ് നൽകുകയും ആയത് പരിഹരിക്കപ്പെട്ടിട്ടില്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

ഡി) തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൻ

ഡി)ഉണ്ട്. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന

| | |
|---|---|
| കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സേവനവേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. 2017 വർഷത്തെ ഗ്രേഡിംഗിൽ ആകെ 941 അപേക്ഷകൾ ലഭിച്ചു. ആയതിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗ്രേഡിംഗിനായി പരിഗണിച്ചത് 446 സ്ഥാപനങ്ങളെയാണ്. ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹരായി. ടി സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2018-ലെ ഗ്രേഡിംഗിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതു സംബന്ധിച്ചും പുതിയതായി 6 മേഖലകളെക്കൂടി ഉൾപ്പെടുത്തുന്നതിനായും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇ) ഗാർഹിക തൊഴിൽ, സെക്യൂരിറ്റി മേഖല എന്നിവയിൽ നിശ്ചയിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് അറിയിക്കുമോ? | ഇ) ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിക്കുന്ന അവസരത്തിൽ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. വീടുകളിൽ സാധാരണ പരിശോധന നടത്താറില്ല. സെക്യൂരിറ്റി മേഖല ഉൾപ്പെടെയുള്ള മറ്റ് മേഖലകളിൽ തൊഴിൽ വകുപ്പ് നടപ്പാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിശ്ചയിച്ചിട്ടുള്ള വേതനം തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെതന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു. സെക്യൂരിറ്റി മേഖലയിൽ 2017-ൽ സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ ഡ്രൈവ് നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**